(എഫ്) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പരിഗണനയിലില്ല.

കസ്റ്റഡി മരണങ്ങൾ

19 (5926) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 2006-ന് ശേഷം കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എത്രയെന്നും ഇതിൽ മരണമടഞ്ഞവർ ആരെല്ലാമെന്നും അറിയിക്കുമോ ;

(സി) കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) ടി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കേസ് (ക്രൈം നമ്പർ 7/10) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാബു (58), S/o മാർക്കോസ് പാലേലി, കാട്ടാക്കട എന്നയാളാണ് മരണമടഞ്ഞത്.

(സി) കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുത്തുവന്നിരുന്ന 2 പോലീസ് ഉദ്യോഗസ്ഥരെ (ഹെന്റേഴ്സൺ ഗ്രേഡ് എച്ച്.സി. 3625, മുഹമ്മദ് അലി ഗ്രേഡ് എച്ച്. സി. 9543) അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ 1958-ലെ കെ.പി.ഡി.ഐ.പി. ആന്റ് എ. റൂൾസ് പ്രകാരം ശ്രീ. ഒ. എ. സുനിൽ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, ശ്രീ. ഐ. ഡബ്ല്യു ഹെന്റേഴ്സൺ, ഗ്രേഡ് എച്ച്സി.റ്റി. 3625, ശ്രീ. എം. മുഹമ്മദ് അലി, ഗ്രേഡ് എച്ച്.സി.റ്റി. 9543 എന്നിവർക്കെതിരെ ഒരു ജോയിന്റ് ഓറൽ എൻക്വയറി നടത്താൻ ഉത്തരവിടുകയും ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ പ്രസ്തുത എൻക്വയറി നടത്താൻ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള പദ്ധതികൾ

20 (5927) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത ശുപാർശ സംബന്ധിച്ച് ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിച്ചു ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഇ) ഏതെല്ലാം പദ്ധതികൾക്ക് ഇനി തുടക്കം കുറിക്കുവാനുണ്ട് ?

ഉത്തരം

(എ) 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിൽ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ വിവിധ പദ്ധതികൾക്കായി സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റായി 100 കോടി രൂപയും പ്രിസൺസ് അപ്ഗ്രഡേഷന് 154 കോടി രൂപയും ജുഡീഷ്യറി വകുപ്പിന് 140.06 കോടി രൂപയും ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) പോലീസ് വകുപ്പ്

ധനകാര്യ കമ്മീഷൻ കേരളാ പോലീസിന്റെ താഴെ പറയുന്ന പദ്ധതികൾക്കായി മൊത്തം 100 കോടി രൂപ സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റായി ശുപാർശ ചെയ്തിട്ടുണ്ട്.

1. കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകൾ.
2. ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്റേഴ്സ്.
3. ഫോറിനേഴ്സ് ഫെസിലിറ്റേഷൻ സെന്റർ.
4. സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ സ്കീം.
5. പോലീസുകാർക്ക് വിശ്രമത്തിനായി, ഡോർമിറ്ററികൾ പണിയുന്നതിനായി.

ജയിൽ വകുപ്പ്

ജയിലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജയിൽപുള്ളികളുടെ തൊഴിൽ പരിശീലനത്തിനും, ജയിലിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും വേണ്ടിയാണ് 154 കോടിരൂപ ഉപയോഗപ്പെടുത്തുന്നത്.

ജുഡീഷ്യറി വകുപ്പ്

സായാഹനകോടതികൾ, ലോക് അദാലത്തുകളും നിയമസഹായവും, ജുഡീഷ്യൽ ആഫീസർമാർക്കുള്ള ട്രെയിനിംഗ്, പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ട്രെയിനിംഗ്, പൈതൃക കോടതി കെട്ടിടങ്ങൾ, സംസ്ഥാന ജുഡീഷ്യൽ അക്കാഡമി എ.ഡി.ആർ. സെന്ററുകൾ, കോർട്ട് മാനേജർമാർ തുടങ്ങിയവയ്ക്കായാണ് 140.06 കോടി രൂപ ഉപയോഗപ്പെടുത്തുന്നത്.

(സി-ഇ) 2011-12 സാമ്പത്തിക വർഷം മുതൽക്ക് മാത്രമേ 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക ലഭ്യമാവുകയുള്ളൂ. ആകയാൽ 2011-12

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം മുതൽ മാത്രമേ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ.

പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ ജനമൈത്രി പദ്ധതിയിൽ ജാഗ്രതാ സമിതികൾ

21 (5928) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് എത്ര വീതം ജാഗ്രതാ സമിതികൾ ഇതുവരെയായി രൂപീകരിച്ചിട്ടുണ്ട് ; ഈ ജാഗ്രതാ സമിതികളുടെ പ്രവർത്തനരീതി എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

രൂപീകരിച്ചിട്ടുണ്ട്. ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്കൂൾ കേന്ദ്രീകരിച്ച് 140 സമിതികളും കോളേജുകൾ കേന്ദ്രീകരിച്ച് 24 സമിതികളും രൂപീകരിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികൾ, സ്കൂൾ, കോളേജ്തലങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ച് കൗൺസിലിംഗ്, പൊതുസ്ഥലങ്ങളിലും യാത്രാവേളയിലും മറ്റും പെൺകുട്ടികൾക്ക് നേരെയുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങൾക്കെതിരെ അവരെ ബോധവതികളാക്കുന്നതിന് വേണ്ട ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക, അത്തരം വിഷയങ്ങൾ ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുക, കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന കരാട്ടെ, തയ്കൊണ്ട, കളരി തുടങ്ങിയവയിൽ ഏതിലെങ്കിലും ഉള്ള പരിശീലനം, വ്യക്തിത്വ വികസനം, വ്യക്തി ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പ്രയോജനമുള്ള ടി.വി. പ്രോഗ്രാമുകൾ എങ്ങനെ തെരഞ്ഞെടുക്കണം, മൊബൈൽ ഫോൺ ഉപയോഗം കൊണ്ടുള്ള അപകടങ്ങൾ, ഇന്റർനെറ്റ് ഉപയോഗത്തിലും മറ്റും പതിയിരിക്കുന്ന അപകടങ്ങൾ തുടങ്ങിയ വിഷയങ്ങളിലും ക്ലാസ്സുകൾ നടത്തുക എന്നിവയാണ് സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കോടതിയുടെ അനുമതിയോടെ പിൻവലിച്ച കേസ്സുകൾ

22 (5931) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിക്കാൻ കോടതികളുടെ അനുമതി തേടിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly